(സി) കഴിഞ്ഞ 4 വർഷത്തിനുള്ളിൽ തുറന്നു പ്രവർത്തിപ്പിച്ച വ്യവസായ സ്ഥാപനങ്ങളേതെല്ലാം;

(ഡി) വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) വ്യവസായ വകുപ്പിന്റെ കീഴിൽ മലപ്പുറം ജില്ലയിൽ ഇപ്പോൾ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

*ഉത്തരം*

(എ) പൊതുമേഖലാ സ്ഥാപനമായ കേരളാ സ്റ്റേറ്റ് ഡിറ്റർജന്റ് ആന്റ് കെമിക്കൽസ് ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

(ബി) കേരളാ സ്റ്റേറ്റ് ഡിറ്റർജന്റ് ആന്റ് കെമിക്കൽസിൽ 235 പേർ ജോലി ചെയ്തിരുന്നു.

(സി) ഇല്ല.

(ഡി) ഉദിക്കുന്നില്ല.

(ഇ) വ്യവസായ വകുപ്പിന്റെ കീഴിൽ മലപ്പുറത്തു പ്രവർത്തിച്ചുവരുന്ന വ്യവസായ സ്ഥാപനങ്ങൾ താഴെ പറയുന്നവയാണ്:

1. കെൽട്രോൺ ഇലക്ട്രോസെറാമിക് ലിമിറ്റഡ്, കുറ്റിപ്പുറം
2. ഇടരിക്കോട് ടെക്സ്റ്റൈൽ, ഇടരിക്കോട്
3. മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ
4. മാൽക്കോ ടെക്സ്, കുറ്റിപ്പുറം.

## പാലക്കാട് ജില്ലയിൽ ആരംഭിച്ച വൻകിട-ചെറുകിട വ്യവസായ സ്ഥാപനങ്ങൾ

124 [481] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാലക്കാട് ജില്ലയിൽ എത്ര വൻകിട-ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ട്; അവ ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതേ തുടർന്ന് എത്ര തൊഴിലാളികൾക്ക് ജോലി ലഭിച്ചിട്ടുണ്ട്; സ്ഥിരം തൊഴിലാളികൾ/താൽക്കാലിക തൊഴിലാളികൾ എന്നിങ്ങനെ വേർതിരിച്ച് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര വൻകിട-ചെറുകിട വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടിയിട്ടുണ്ട്; അവ ഏതെല്ലാമെന്നും ഇതേ തുടർന്ന് എത്ര തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെട്ടെന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

*ഉത്തരം*

(എ) 4 വൻകിട-ഇടത്തരം യൂണിറ്റുകളും 2673 ചെറുകിട വ്യവസായ യൂണിറ്റുകളും ആരംഭിച്ചിട്ടുണ്ട്. ഏതെല്ലാമാണെന്ന വിശദവിവരം ശേഖരിച്ചുവരുന്നു.

(ബി) വൻകിട-ഇടത്തരം മേഖലയിൽ 650 തൊഴിലാളികൾക്കും ചെറുകിട വ്യവസായമേഖലയിൽ 8117 തൊഴിലാളികൾക്കും ജോലി ലഭിച്ചിട്ടുണ്ട്. താൽക്കാലിക/സ്ഥിരം തൊഴിലാളികളുടെ വേർതിരിച്ച കണക്ക് ശേഖരിച്ചുവരുന്നു.

(സി) പാലക്കാട് ജില്ലയിൽ 7 വൻകിട-ഇടത്തരം യൂണിറ്റുകൾ പൂട്ടിയിട്ടുണ്ട്. പൂട്ടിയ വ്യവസായ യൂണിറ്റുകളുടെയും തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളുടെയും വിവരം ശേഖരിച്ചുവരുന്നു.

## കോഴിക്കോട് ജില്ലയിലെ വ്യവസായ മേഖലയുടെ പ്രതിസന്ധി പരിഹരിക്കാൻ നടപടി

125 [483] *ശ്രീ. വി. കെ. സി. മമ്മത് കോയ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ വ്യവസായ മേഖലയുടെ പ്രതിസന്ധി പരിഹരിക്കാൻ സർക്കാരിന് മുമ്പാകെയുള്ള പദ്ധതികൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കുമോ;

(ബി) അടഞ്ഞുകിടക്കുന്ന വ്യവസായ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കാനും പ്രതിസന്ധിയിലായ സ്ഥാപനങ്ങളെ പുനരുദ്ധരിക്കാനും ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ ജില്ലയിൽ എത്ര പുതിയ വ്യവസായങ്ങൾ ആരംഭിച്ചെന്നും വ്യക്തമാക്കാമോ?

*ഉത്തരം*

(എ) കോഴിക്കോട് ജില്ലയിലെ വ്യവസായ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കോഴിക്കോട് ജില്ലയിലുള്ള യൂണിറ്റായ മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസ് നവീകരിക്കുന്നതിനായുള്ള നിർദ്ദേശം ക്യാബിനറ്റ് സബ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ പ്രവർത്തിക്കുന്ന മറ്റൊരു പൊതുമേഖലാ സ്ഥാപനമായ സ്റ്റീൽ കോംപ്ലക്സിന്റെ പുനരുദ്ധാരണം സംബന്ധിച്ച പദ്ധതിയും സർക്കാർ പരിഗണനയിലാണ്.

(ബി) അടഞ്ഞുകിടക്കുന്ന വ്യവസായ ശാലകളിൽ പുനരുദ്ധാരണ സാദ്ധ്യതയുള്ളവയെയും ലാഭകരമായി പ്രവർത്തിപ്പിക്കാവുന്നവയെയും കണ്ടുപിടിച്ച്

LIBRARY ARCHIVES Kerala Legislative Assembly